# STD - X

## അദ്ധ്യാപക സഹായി

**പാഠം - പതിനൊന്ന്** **ഭാഗം - ഒന്ന്**

## യുവജനങ്ങളുടെ അമ്മയായ മറിയം

### ലക്ഷ്യം

ദൈവപുത്രനായ യേശുവിന്റെ അമ്മയായ മറിയത്തിന്റെ ഭയഭക്തിയെക്കുറിച്ചും രക്ഷാകരചരിത്രത്തിൽ അവൾക്കുള്ള അതിപ്രധാനമായ പങ്കും വ്യക്തമാക്കാൻ തിരുസഭ അവളെ സംബന്ധിക്കുന്ന വിശ്വാസ സത്യങ്ങളും സിദ്ധാന്തങ്ങളും നൽകിയിട്ടുണ്ട്. യേശുവിന്റെ അമ്മ എന്റെയും അമ്മയാണെന്ന് ഞാൻ അഭിമാനം കൊള്ളുന്നു.

### പഠനസഹായികൾ

* മരിയൻ ക്വിസ്
* അത്ഭുത കാശുരൂപം
* അമലോദ്ഭവ മാതാവിന്റെ ചിത്രം, സ്വർഗ്ഗാരോപിതയായ മാതാവിന്റെ ചിത്രം
* ഫാത്തിമയിലെ ഫ്രാൻസിസ്കോയുടെ കഥ
* വചനം - ലൂക്കാ. 1:28, ഉല്പ. 3:14-15

### പാഠത്തിന്റെ ഉള്ളടക്കം

* വിശ്വാസ സത്യങ്ങളും സിദ്ധാന്തങ്ങളും രൂപപ്പെടുവാനുള്ള സാഹചര്യങ്ങളും അവയുടെ ആവശ്യകതയും
* പരിശുദ്ധ മറിയത്തെ സംബന്ധിക്കുന്ന വിശ്വാസ സത്യങ്ങൾ:
  - ദൈവമാതാവ്
  - നിത്യകന്യക
  - അമലോത്ഭവ മാതാവ്
  - സ്വർഗ്ഗാരോപിതയായ മാതാവ്

### പ്രാർത്ഥന

പരിശുദ്ധ അമ്മേ, അമ്മയുടെ ദൈവത്തിലുള്ള ആഴമായ വിശ്വാസവും ആശ്രയബോധവും ഞങ്ങളെ രക്ഷയിലേക്ക് നയിച്ചു. അമ്മയെപ്പോലെ ദൈവഹിതത്തിന് കീഴ്‌വഴങ്ങി ദൈവത്തിൽ പ്രത്യാശ അർപ്പിച്ച് ജീവിക്കാൻ അമ്മ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ. ആമ്മേൻ

## ചോദ്യങ്ങൾ

1. മറിയത്തെ ദൈവമാതാവെന്ന് വിളിക്കുവാനുള്ള കാരണങ്ങൾ ഏതെല്ലാം?
2. അമലോത്ഭവയായ മറിയം - വ്യക്തമാക്കുക
3. മറിയത്തിന്റെ സ്വർഗ്ഗാരോപണ തിരുനാളിനെക്കുറിച്ച് കുറിപ്പെഴുതുക
4. വിശുദ്ധ മത്തായിയുടെയും വിശുദ്ധ ലൂക്കായുടെയും സുവിശേഷങ്ങളിൽ മറിയത്തിന്റെ നിത്യകന്യകത്വം സൂചിപ്പിക്കുന്ന വചനഭാഗങ്ങൾ ഏവ?
5. വിശുദ്ധ കാതറേൻ ലബോളയും അത്ഭുത കാശുരൂപവും. കുറിപ്പ് തയ്യാറാക്കുക.

# STD - X

## അദ്ധ്യാപക സഹായി

**പാഠം - പതിനൊന്ന്** **ഭാഗം - രണ്ട്**

## യുവജനങ്ങളുടെ അമ്മയായ മറിയം

### ലക്ഷ്യം

വ്യക്തിപരമായ നമ്മുടെ ജീവിതയാത്രയിൽ പരിശുദ്ധ മറിയത്തിന്റെ മാതൃകയും മധ്യസ്ഥതയും നമുക്ക് ഉത്തേജനം നൽകുന്നു. പരിശുദ്ധ മറിയം എനിക്ക് എന്നും മാതൃകയും സംരക്ഷകയും ആയിരിക്കും.

### പഠനസഹായികൾ

* വിശുദ്ധ ജോൺപോൾ മാർപാപ്പായ്ക്ക് മാതാവിനോടുള്ള വ്യക്തിപരമായ ബന്ധവും, അദ്ദേഹത്തെ മാതാവ് മരണത്തിൽനിന്ന് സംരക്ഷിച്ച അനുഭവവും.
* ചാർട്ട് - മറിയത്തിന്റെ ജീവിതത്തിലെ പ്രാർത്ഥനയുടെ സുപ്രധാന മുഹൂർത്തങ്ങൾ
* ചാർട്ട് - മറിയം സേവനത്തിന്റെ മാതൃക
* വചനം - യോഹ. 2:11, യോഹ. 19:26-27, അപ്പ. 1:14, മർക്കോ. 10:45

### പാഠത്തിന്റെ ഉള്ളടക്കം

* ദൈവം മറിയത്തിന് രക്ഷാകര ചരിത്രത്തിലെ നിർണായക നിമിഷങ്ങളിൽ ശ്രേഷ്ഠമായ സ്ഥാനം നൽകുമ്പോൾ മറിയം പൂർണ്ണമായ സമർപ്പണത്തിലൂടെ അതിനോട് പ്രത്യുത്തരിക്കുന്നു.
* മാതാവ് സഭയുടെയും നാം ഓരോരുത്തരുടെയും അമ്മയായി നമ്മുടെ ജീവിതയാത്രയിൽ നമ്മെ സംരക്ഷിക്കുന്നു.
* മറിയം ആഴമായ പ്രാർത്ഥനാ ജീവിതത്തിലൂടെ വളർത്തിയെടുത്ത ദൈവവുമായുള്ള ദൃഢമായ ആത്മബന്ധം അവളെ ദൈവഹിതം നിറവേറ്റുവാനും അനേകരുടെ രക്ഷയ്ക്കുള്ള ഉപകരണം ആകാനും ഇടയാക്കി.
* ഈ ഭൂമിയിൽ ആയിരുന്നപ്പോൾ ചുറ്റുമുള്ളവരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് അവരെ സ്വയം മറന്ന് ശുശ്രൂഷിച്ചിരുന്ന മാതാവ് തന്റെ പുത്രന്റെ ഉത്തമ ശിഷ്യയായിരുന്നു.
* മറിയം സേവനത്തിന്റെ മാതൃക

### പ്രാർത്ഥന

എന്റെ അമ്മേ എന്റെ ആശ്രയമേ, ഞങ്ങൾക്കുവേണ്ടി മധ്യസ്ഥം വഹിച്ചു പ്രാർത്ഥിക്കണമേ.

## ചോദ്യങ്ങൾ

1. ആരാണ് മറിയത്തിന് സഹരക്ഷക എന്ന വിശേഷണം നൽകിയത്? എങ്ങനെയാണ് മറിയം സഹരക്ഷക ആകുന്നത്?
2. പരിശുദ്ധ അമ്മയെ സഭയുടെ അമ്മയായി പ്രഖ്യാപിച്ചത് ആര്?
3. മറിയത്തിന് സഭയുമായുള്ള മാതൃബന്ധം സൂചിപ്പിക്കുന്ന പുതിയ നിയമവചനഭാഗങ്ങൾ ഏവ?
4. മറിയത്തിന്റെ ജീവിതത്തിലെ പ്രാർത്ഥനയുടെ സുപ്രധാന മുഹൂർത്തങ്ങൾ ഏവ?
5. മറിയം സേവനത്തിന്റെ മാതൃക - വ്യക്തമാക്കുക.